ICDS- B3-8415/20(1)

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :31.01.2022
ഇ-മെയിൽ : directorate.wcd@kerala.gov.in
ഫോൺ നം : 0471-2346534

## പരിപത്രം

വിഷയം: വനിതാ ശിശു വകുപ്പ് -ഐ. സി ഡി എസ് –അമൃതം ന്യൂട്രിമിക്സ് –ലാബ് പരിശോധന സംബ:

സൂചന:
1) കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ 13.01.2021 ലെ Lr.No.:CD-I-24/2/2021-US(e-90701) നമ്പർ കത്ത്
2) കേന്ദ്ര സർക്കാരിന്റെ 26.06.2021 ലെ ഗസറ്റ് വിജ്ഞാപനം..
3)ഈ കാര്യാലയത്തിലെ 16.10.2021 ലെ ഇതേ നമ്പർ കത്ത്
4)ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ 10.01.2022,25.01.2022ാന്നീ തീയതികളിലെ ലെബി2/0087/ജി. എ.എൽ നമ്പർ കത്തുകൾ.

സൂചനകളിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു . സൂചന (1) ലെ കേന്ദ്ര സർക്കാർ കത്തിൽ Quality assurance ന്റെ ഭാഗമായി അമൃതം ന്യൂട്രിമിക്സ്, FSSAI രജിസ്ട്രേഷൻ ഉള്ള ലാബുകളിൽ പരിശോധന നടത്തുന്നതിന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.സപ്ലിമെന്ററി ന്യൂട്രിഷനുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ പദാർത്ഥങ്ങളുടെ ക്വാളിറ്റി ടെസ്റ്റിംഗ് FSSAI ക്ക നല്കിയിട്ടുള്ളതിനാൽ , ഫുഡ് ആൻഡ് ന്യൂട്രിഷൻ ബോർഡിനെ ടി ചുമതലകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഇനി മുതൽ ചെന്നൈ ലാബിലേക്ക് പരിശോധനയ്ക്ക അയക്കേണ്ടതില്ല എന്നും ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക അയക്കേണ്ട NABL accredited ലാബുകളുടെ വിവരങ്ങൾ ഉടൻ ലഭ്യമാക്കുന്നതാണെന്നും സൂചന (3) പ്രകാരം അറിയിച്ചിരുന്നു.

അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലുള്ള NABL Accredited ലബോറട്ടറിയായ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ നിന്നും സാമ്പിൾ ഒന്നിന് 2124/-രൂപാ നിരക്കിൽ പരിശോധിച്ച് നൽകുന്നതാണെന്ന് ചീഫ് ഗവൺമെന്റ് അനലിസ്റ്റ് സൂചന (4) പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഒരു ന്യൂട്രീമിക്സ് യൂണിറ്റിൽ നിന്നും ഓരോ പ്രോജക്ടിലും ലഭ്യമാകുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അടിയന്തിരമായി അയയ്ക്കേണ്ടതാണ്. സാമ്പിളുകൾ പരിശോധയ്ക്ക് അയയ്ക്കുമ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- ന്യൂട്രിമിക്സ് സാമ്പിൾ ലഭിക്കുന്ന ഉടൻ പരിശോധനയ്ക്ക് അയയ്ക്കേണ്ടതാണ് .

- പരിശോധനയ്ക്ക് അയയ്ക്കുന്ന സാമ്പിളിനൊപ്പം ആമുഖ കത്ത് അയയ്ക്കേണ്ടതാണ് . ആമുഖ കത്തിൽ പ്രോജക്ടിന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം.
- സാമ്പിൾ പരിശോധന തുകയായ 2124/- [1800+GST 18%]രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പുത്തൻചന്ത ബ്രാഞ്ചിൽ 67132355504 എന്ന അക്കൗണ്ട് നമ്പറിലേക്ക് (IFSC SBIN0070026,Branch Code3: 70026 MICR: 695002931) അടയ്ക്കേണ്ടതും, റസീപ്റ്റിന്റെ പകർപ്പ് galtvpm@gmail.comഎന്ന ഇ-മെയിലൽ നൽകേണ്ടതും, hard copy
 ആമുഖ കത്തിനൊപ്പം അയയ്ക്കേണ്ടതാണ്
- ന്യൂട്രിമിക്സ് സാമ്പിൾ അയക്കുമ്പോൾ റസീപ്റ്റിന്റെ പകർപ്പ്, ആമുഖ കത്ത് എന്നിവയ്ക്ക് കേടുപാടുകൾ സംഭവിക്കാതെ നന്നായി പായ്ക്ക് ചെയത് courier വഴി അയയ്ക്കേണ്ടതാണ്.
- ന്യൂട്രിമിക്സ് സാമ്പിളുകൾ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും കൃത്യമായി പരിശോധനയക്ക് അയയ്ക്കുന്നുണ്ടെന്ന് എല്ലാ പ്രോഗ്രാം ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്
- സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കുന്ന യൂണിറ്റിന്റെ പേര് അയയ്ക്കുന്ന തീയതി, ഒടുക്കുന്ന തുക, സാമ്പിൾ റിപ്പോർട്ട്, റിപ്പോർട്ട് ലഭ്യമായ തീയതി എന്നിവ രേഖപ്പെടുത്തുന്ന പ്രത്യേക രജിസ്റ്റർ എല്ലാ ICDS പ്രോജക്ടുകളിലും സൂക്ഷിക്കേണ്ടതാണ് .
- ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കേണ്ട മേൽ വിലാസം ചുവടെ ചേർക്കുന്നു.

  ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി,
  റെഡ് ക്രോസ് റോഡ് , തിരുവനന്തപുരം
  പിൻ : 695035(Phone no: 0471-2472192

വനിതാശിശുവികസന ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും( ഈ കാര്യം DMC, കുടുംബശ്രീയെ അറിയിക്കേണ്ടതാണ്)
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

പകർപ്പ് :

1. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. സ്റ്റോക്ക് ഫയൽ
3. സ്പെയർ